# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3529

14.10.2011-ൽ മറുപടിക്ക്.

## ഹൈസ്പീഡ് റെയിൽ-കോറിഡോർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എളമരം കരീം : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഹൈസ്പീഡ് റെയിൽ കോറിഡോർ സ്ഥാപിക്കുന്ന പ്രവർത്തനത്തിന് നേതൃത്വം നൽകാൻ നോഡൽ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഏതാണ് പ്രസ്തുത ഏജൻസി ; | (ബി) കെ.എസ്.ഐ.ഡി.സി-യാണ് പ്രസ്തുത ഏജൻസി. |
| (സി) പ്രസ്തുത ഏജൻസി ആരുമായി സഹകരിച്ചാണ് ഈ പദ്ധതിയുടെ പ്രായോഗികതാ പഠനം നടത്തുന്നത് ; | (സി) പദ്ധതിയുടെ പ്രായോഗിതാ പഠനം നടത്തുവാൻ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (ഡി) നോഡൽ ഏജൻസിയെ നിശ്ചയിച്ചത് എപ്പോഴാണ് ; | (ഡി) 15.02.2010-ലെ സർക്കാർ ഉത്തരവ് നം. ജി.ഒ(എം.എസ്) 28/2010/ഐ.ഡി. പ്രകാരമാണ് കെ.എസ്.ഐ.ഡി.സി- യെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയത്. |
| (ഇ) സാദ്ധ്യതാ പഠനം പൂർത്തിയായിട്ടുണ്ടോ ; | (ഇ) ഒന്നാം ഘട്ടമായ തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള റെയിൽ പാത- -യുടെ സാധ്യതാ പഠനം പൂർത്തിയായി- -ട്ടുണ്ട്. രണ്ടാം ഘട്ടമായ എറണാകുളം മുതൽ കാസർഗോഡ് വരെയുള്ള റെയിൽ പാതയുടെ സാധ്യതാ പഠനം ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ ഉടൻ തന്നെ നൽകുന്നതാണ്. |
| (എഫ്) ഇല്ലെങ്കിൽ എപ്പോൾ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു എന്ന് അറിയിക്കുമോ ? | (എഫ്) ബാധകമല്ല. |

സെക്ഷൻ ഓഫീസർ